# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം 4075** — **16.03.2017-ൽ മറുപടിയ്ക്ക്**

## തേക്ക് പ്ലാന്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | അഡ്വ.കെ.രാജു<br>[വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പ് നേരിട്ട് ഒരു ഹെക്ടർ സ്ഥലത്ത് എത്ര തേക്ക് തൈകളാണ് ഇപ്പോൾ നട്ടു വരുന്നത്; | (എ) വനം വകുപ്പ് നേരിട്ട് ഒരു ഹെക്ടർ സ്ഥലത്ത് 2500 തേക്ക് തൈകളാണ് ഇപ്പോൾ നട്ടു വരുന്നത്. |
| (ബി) തൈ നടുന്നതിന് എത്ര താഴ്ചയുള്ളതും വീതിയുള്ളതുമായ കുഴികളാണ് എടുക്കുന്നത്; വിശദമാക്കുമോ; | (ബി) തൈ നടുന്നതിന് 30 സെന്റിമീറ്റർ താഴ്ചയുള്ളതും 30 സെന്റിമീറ്റർ വീതിയുള്ളതുമായ കുഴികളാണ് എടുക്കുന്നത്. |
| (സി) ഒരു ഹെക്ടർ സ്ഥലത്ത് വനംവകുപ്പ് നേരിട്ട് തേക്ക് പ്ലാന്റ് ചെയ്യുന്നതിന് ഉണ്ടാകുന്ന ആകെ ചെലവ് എത്ര; വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഒരു ഹെക്ടർ സ്ഥലത്ത് വനം വകുപ്പ് നേരിട്ട് തേക്ക് പ്ലാന്റ് ചെയ്യുന്നതിന് ഉണ്ടാകുന്ന ആകെ ചെലവ് ഉദ്ദേശം 99500/- രൂപയാണ്. ആയതിൽ തേക്ക തൈകൾ നടുന്ന സ്ഥലത്തിന്റെ, സാധാരണ സ്ഥലം, ദുർഘട സ്ഥലം എന്നീ പ്രാദേശിക സ്വഭാവം അനുസരിച്ച് ഉദ്ദേശം 10 ശതമാനത്തോളം ഏറ്റകുറച്ചിലുകൾ ഉണ്ടാവാറുണ്ട്. |
| (ഡി) പ്രസ്തുത പ്ലാന്റേഷൻ ജോലി വനം വകുപ്പ് നേരിട്ട് നടത്തുന്നതിന്റെ മാനദണ്ഡം / ലാഭം എന്താണെന്ന് വിവരിക്കുമോ; | (ഡി) 22.12.1989 തീയതിയിലെ 118/89/വനം ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് പ്രസ്തുത പ്ലാന്റേഷൻ ജോലി വനം വകുപ്പ് നേരിട്ട് നടത്തുന്നത്. |
| ഇ) മത്സരസ്വഭാവമുള്ള ടെണ്ടർ | (ഇ) 22.12.1989 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് |

വിളിച്ച് തേക്ക് പ്ലാന്റേഷൻ നടത്താത്ത-തെന്തുകൊണ്ട്; വിശദാംശങ്ങൾ വെളി പ്പെടുത്തുമോ?

നമ്പർ 118/89/വനം പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് നാളിതുവരെ പ്ലാന്റേഷൻ ജോലികൾ നടന്നു വന്നിരുന്നത്. കൺവീനർ സിസ്റ്റത്തിന് പകരം കരാർ വ്യവസ്ഥ നടപ്പാക്കുന്ന ശുപാർശ 25.07.2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 28/2016/വനം പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**